# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2064 01.02.2018 - ൽ മറുപടിയ്ക്ക്**

## കോഴിക്കോട് മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയും ഇതിനു കീഴിലെ അനുബന്ധ ആശുപത്രികളിലേയും ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി "ഇമേജ്" എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. "ഇമേജ്" മുഖേന ഇത്തരം മാലിന്യങ്ങൾ കൃത്യമായി നിർമ്മാർജ്ജനം ചെയ്തുവരുന്നു. ഭക്ഷ്യമാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് ആയത് പ്രയോജനപ്പെടുത്തി ആശുപത്രി പ്രവർത്തനത്തിനുള്ള ബയോഗ്യാസ് ഉൽപ്പാദിപ്പിച്ചു വരുന്നു. ഈ സ്ഥാപനത്തിനു കീഴിൽ സ്ഥാപിച്ചിട്ടുള്ള 2 ഇൻസിനറേറ്ററുകളിൽ ഒന്ന് പ്രവർത്തനക്ഷമമല്ലാത്തിനാൽ പുതിയ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള റീ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ആശുപത്രി പ്രവർത്തനത്തിന്റെ ഭാഗമായും, പൊതുജനങ്ങൾ ഉപേക്ഷിച്ചു പോകുന്ന ഇനത്തിലും രൂപപ്പെടുന്ന മാലിന്യങ്ങൾ വേർതിരിച്ച് പ്ലാസ്റ്റിക്, റബ്ബർ ഉല്പന്നങ്ങൾ കരാറുകാർ മുഖേന നീക്കം ചെയ്ത് ബാക്കിവരുന്ന കടലാസ്, തുണി, ഇലകൾ, നെയ്ത്തുപായകൾ തുടങ്ങിയ ഗുരുതരമായ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കാത്ത ഉല്പന്നങ്ങൾ ഇൻസിനറേറ്ററിന്റെ സഹായത്തോടെ സംസ്കരിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഈ ആശുപത്രിയിലുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടേയും അതിനോടനുബന്ധിച്ചുള്ള ആശുപത്രികളുടേയും മലിനജല ശുദ്ധീകരണത്തിനായുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മലിനജല സംഭരണിയുടെ സംഭരണശേഷി അപര്യാപ്തമായതിനാൽ ജില്ലയിലെ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് പ്രയോജനപ്പെടുത്തി ശാസ്ത്രീയമായി സംവിധാനം ചെയ്ത പുതിയ മലിനജല സംഭരണി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ നടപടികൾ കേന്ദ്രസർക്കാരിന്റെ അമൃതം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൺട്രോൾഡ് ഓക്സിജൻ റൊട്ടേറ്റിംഗ് ടെക്നോളജി ഉപയോഗിച്ച് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് ആശുപത്രി വികസന സമിതി മുഖാന്തിരം സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ